**<u>15 -ാം കേരള നിയമസഭ</u>**

**<u>9 -ാം സമ്മേളനം</u>**

**<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 205</u>** **<u>14-09-2023 - ൽ മറുപടിയ്ക്ക്</u>**

**<u>കേരള പാഡി പ്രൊക്യൂർമെന്റ് പ്രോസസിംഗ് ആന്റ് മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീ. എം. എം. മണി,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | നെൽകർഷകരുടെ സംഭരണ-വിപണന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സഹകരണ സംഘങ്ങൾ വഴി നടത്തിവരുന്ന പദ്ധതികൾ വിശദമാക്കാമോ; | (എ) | നെൽകർഷകരുടെ സംഭരണ–വിപണന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സഹകരണ മേഖലയിലെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ അംഗങ്ങളായി രണ്ട് വൻകിട മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ട് :-<br><br>1. പാലക്കാട് ജില്ലയിലെ 36 പ്രാഥമിക സഹകരണ സംഘങ്ങൾ അംഗങ്ങളായി പാലക്കാട് പാഡി പ്രൊക്വയർമെന്റ് പ്രോസസിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (PAPCOS) രൂപീകരിച്ചു. അതിന്റെ അധീനതയിൽ അത്യാധുനിക റൈസ് മില്ലും ഗോഡൗണും നിർമ്മിക്കുന്നതിനായുള്ള നടപടി സ്വീകരിച്ച് വരുന്നു.<br>2. പാലക്കാട് ജില്ല ഒഴികെ സംസ്ഥാനത്തെ 13 ജില്ലകൾ പ്രവർത്തന പരിധിയായി കോട്ടയം ആസ്ഥാനമായിക്കൊണ്ട് കേരള പാഡി പ്രോക്യൂർമെന്റ് പ്രോസസിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ 4505 (KAPCOS) 2021 ആഗസ്റ്റ് 27ന് രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 42 പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ ഇതിൽ അംഗങ്ങളാണ്. കർഷകരിൽ നിന്നും നെല്ല് സംഭരിച്ച് ഉൽപ്പന്നങ്ങളാക്കി ജില്ലക്ക് അകത്തും പുറത്തും വിപണനം നടത്തുക, സർക്കാർ, അർദ്ധ – സർക്കാർ സഹകരണ, സ്വകാര്യ വിപണന സ്ഥാപനങ്ങൾ വഴിയും ഓൺലൈൻ സംവിധാനത്തിലൂടെയും വിപണന സൗകര്യം ഏർപ്പെടുത്തുക, സ്വന്തമായി വിപണന |

| | | | |
|---|---|---|---|
| | | | കേന്ദ്രങ്ങൾ നടത്തുക, സംഘം പ്രവർത്തന പരിധിയിൽപെട്ട മുഴുവൻ നെൽ കൃഷിക്കാരെ സഹായിക്കുക, സംസ്ഥാനത്തെ നെൽകൃഷി വ്യാപിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക തുടങ്ങിയവയാണ് ടി സംഘത്തിന്റെ ലക്ഷ്യം. പാലക്കാട് റൈസ് മിൽ മാതൃകയിൽ ആധുനിക റൈസ് മില്ല് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നു വരുന്നു.<br><br>ഇതിനുപുറമേ എറണാകുളം ജില്ലയിലെ പള്ളിയാക്കൽ സർവ്വീസ് സഹകരണ ബാങ്കും കണയന്നൂർ താലൂക്കിലെ കോരമ്പാടം സർവീസ് സഹകരണ ബാങ്കും കർഷകർക്ക് ന്യായമായ വില നൽകി കർഷകരിൽ നിന്നും നേരിട്ട് പൊക്കാളി നെല്ല് സംഭരിയ്ക്കുകയും ആയത് അരിയും മറ്റുൽപ്പന്നങ്ങളുമാക്കി സംഘത്തിലൂടെ വിതരണം ചെയ്തുവരുന്നു. മൂവാറ്റുപുഴ താലൂക്കിൽ വിവിധ സഹകരണ സംഘങ്ങൾ മുഖേന നെല്ല് സംഭരണം നടത്തി സപ്ലൈകോയ്ക്ക് കൈമാറുന്നുണ്ട്. എറണാകുളം ജില്ലയിലെ വിവിധ സഹകരണ സ്ഥാപനങ്ങൾ മുഖേന താങ്ങുവിലയിൽ നെല്ല് സംഭരിച്ച് വിപണനം നടത്തുന്നുണ്ട്. തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് താലൂക്കിൽ നെല്ല് കർഷകരിൽ നിന്ന് നെല്ല് സംഭരിയ്ക്കുന്നതിനും ന്യായമായ വില കർഷകർക്ക് ലഭ്യമാക്കുന്നതിനുമായി ഗോഡൌൺ സൗകര്യമുള്ള പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിലൂടെ നെല്ല് സംഭരണത്തിനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.<br><br>കാർഷിക ഉൽപാദനം, കാർഷിക ഉൽപന്നങ്ങളുടെ സംഭരണം, സംസ്കരണം, വിപണനം സുഗമമാക്കുക എന്നിവ ഉൾപ്പടെയുള്ള ലക്ഷ്യ സാക്ഷാത്ക്കാരത്തിനായി 2022-23 സാമ്പത്തിക വർഷം മുതൽ **സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി** വിഭാവനം ചെയ്ത് നടപ്പിലാക്കി വരുന്നുണ്ട്. ഈ പദ്ധതിക്കായി 2023-24 സാമ്പത്തിക വർഷം 34.50 കോടി രൂപ സഹകരണ വകുപ്പിന്റെ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കേരള പാഡി പ്രൊക്യൂർമെന്റ് പ്രോസസിംഗ് ആന്റ് മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (കോപ്കോസ്) രൂപീകരിച്ചിട്ടുണ്ടോ; ഇതുമായി | (ബി) | രൂപീകരിച്ചിട്ടുണ്ട്. കോട്ടയം ആസ്ഥാനമായി 27.08.2021 ന് രൂപീകരിച്ച കാപ്കോസിലെ അംഗങ്ങളായ 42 പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ നിന്നും 6.30 കോടി രൂപ ഓഹരി മൂലധനം സമാഹരിച്ചു. 2023-24 വർഷത്തെ |

| | | | |
|---|---|---|---|
| | ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കുമോ; | | സഹകരണ വകുപ്പിന്റെ പദ്ധതി വിഹിതത്തിൽ നിന്ന് കാപ്‌കോസിന് 10 കോടി രൂപയുടെ സഹായ നിർദ്ദേശം വ്യവസ്ഥകളോടെ വർക്കിംഗ് ഗ്രൂപ്പ് ശുപാർശ ചെയ്തിട്ടുണ്ട്. സംഘങ്ങളിൽ നിന്നും സ്വരൂപിച്ച ഓഹരി മൂലധനം ഉൾപ്പെടെയുള്ള തുക ഉപയോഗിച്ച് 23.08.2023 ൽ സംഘത്തിന്റെ പേരിൽ 9 ഏക്കർ 62 സെന്റ് സ്ഥലം വാങ്ങിയിട്ടുണ്ട്.<br><br>റൈസ് മില്ല് സ്ഥാപിക്കുന്നതിന് ഒരു ഫീസിബിലിറ്റി സ്റ്റഡി നടത്തുന്നതിന് വേണ്ടി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘത്തെ ഏൽപ്പിക്കുകയും പഠനം ആരംഭിച്ചിട്ടുള്ളതുമാണ്. കേരള കാർഷിക സർവ്വകലാശാലയുടെ മാങ്കൊമ്പിലുള്ള നെല്ല് ഗവേഷണകേന്ദ്രത്തിലെ വിദഗ്ധരുമായി പദ്ധതി സംബന്ധിച്ച് ചർച്ചകൾ നടത്തുകയുണ്ടായി. |
| (സി) | സഹകരണ മേഖലയിൽ റൈസ് മില്ലുകൾ പ്രവർത്തിച്ചുവരുന്നത്ഏതൊക്കെ ജില്ലകളിലാണ് എന്നതു സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | (സി) | സഹകരണ മേഖലയിൽ കോട്ടയം ജില്ലയിൽ നീണ്ടൂർ സർവീസ് സഹകരണ ബാങ്കിന്റെ ആഭിമുഖ്യത്തിലും എറണാകുളം ജില്ലയിൽ പള്ളിയാക്കൽ സർവീസ് സഹകരണ ബാങ്കിന്റെ കീഴിലും തൃശ്ശൂർ ജില്ലയിൽ പാഡി മാർക്കറ്റിംഗ് & പ്രോസസ്സിംഗ് സഹകരണ സംഘത്തിനു കീഴിലും കാസർഗോഡ് ജില്ലയിൽ കാസർഗോഡ് അഗ്രികൾച്ചറിസ്റ്റ് സഹകരണ മാർക്കറ്റിംഗ് സംഘത്തിനു കീഴിലും റൈസ് മില്ലുകൾ പ്രവർത്തിച്ച് വരുന്നു. |
| (ഡി) | 2023 സെപ്റ്റംബർ മുതൽ കോപ്കോസ് വഴി നെല്ല് സംഭരിക്കാനും സംസ്കരിക്കാനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (ഡി) | കാപ്‌കോസിന്റെ റൈസ് മില്ല് പദ്ധതി പ്രവർത്തന സജ്ജമാകുന്നത് മുതൽ നെല്ല് സംഭരിക്കാനും സംസ്കരിക്കാനും നടപടി സ്വീകരിക്കുന്നതാണ്. |
| (ഇ) | കർഷകരിൽ നിന്നും നെല്ല് സംഭരിച്ച് കേരള ബ്രാൻഡ് അരി വിപണിയിൽ എത്തിക്കുന്നതിന് സഹകരണ വകുപ്പ് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഇ) | പാപ്‌കോസ് റൈസ് മില്ല് പദ്ധതിയിലൂടെയും കാപ്‌കോസ് റൈസ് മില്ല് പദ്ധതിയിലൂടെയും കർഷകരിൽ നിന്നും നെല്ല് സംഭരിച്ച് സഹകരണ മേഖലയിലെ പുതിയ ബ്രാന്റിൽ അരി വിപണിയിൽ എത്തിക്കുന്നതിനാണ് സഹകരണ വകുപ്പ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ